**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5607** **08-07-2024 - ൽ മറുപടിയ്ക്ക്**

**കുട്ടനാടിന് ഡിസാസ്റ്റർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും കൂടുതൽ സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നിരന്തരമായി ഉണ്ടാകുന്ന വെള്ളപ്പൊക്കവും വേനൽക്കാലത്തെ രൂക്ഷമായ കുടിവെള്ളക്ഷാമവും കുട്ടനാടൻ ജനതയ്ക്ക് വലിയ പ്രയാസങ്ങൾ സൃഷ്ടിക്കുന്ന സാഹചര്യത്തിൽ ഡിസാസ്റ്റർ മാനേജ്മന്റ് ഫണ്ടിൽ നിന്നും കൂടുതൽ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | വെള്ളപ്പൊക്കവും വരൾച്ചാ സാഹചര്യങ്ങളും പ്രതിരോധിക്കുന്നതിന് സംസ്ഥാന ദുരന്ത ലഘൂകരണ നിധിയുടെ (SDMF) മാനദണ്ഡമനുസരിച്ചിട്ടുള്ള പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആസൂത്രണം ചെയ്ത് ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ അംഗീകാരത്തോടെ ലഭ്യമാക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതാണ് . |
| (ബി) | കുട്ടനാടിന്റെ കാർഷിക മേഖലയിൽ വെള്ളപ്പൊക്കക്കാലത്ത് ഉണ്ടാകുന്ന മടവീഴ്ചകൾ പരിഹരിക്കാൻ ഡിസാസ്റ്റർ മാനേജ്മന്റ് ഫണ്ട് ഉപയോഗിച്ച് ബണ്ടുകൾ പൂർവസ്ഥിതിയിലാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | മടവീണ സ്ഥലങ്ങൾ അടയ്ക്കുന്നതിന് കയർ ചാക്കുകളും ജിയോ ട്യൂബുകളും പമ്പുസെറ്റുകളും ഉപയോഗപ്പെടുത്തുന്ന സാഹചര്യങ്ങളിൽ ഇതിനുള്ള തുക ജില്ലാകളക്ടർ ശുപാർശ ചെയ്ത് സമർപ്പിക്കുന്നതനുസരിച്ച് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും അനുവദിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ